# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3133** **18.06.2019-ൽ മറുപടിയ്ക്ക്**

**മണലെടുപ്പ് മൂലം മത്സ്യനാശം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വൻതോതിലുള്ള മണലെടുപ്പ് മൂലം കവ്വായി കായലിലേതുൾപ്പെടെ നിരവധി മത്സ്യങ്ങൾക്ക് വ്യാപകമായ നാശം സംഭവിക്കുന്നത് തടയാൻ വകുപ്പ് തലത്തിൽ നടപടികൾ ഉണ്ടാകുമോ; | എ) ആവശ്യമായ നടപടികൾ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. |
| ബി) മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തി ഈ പ്രദേശങ്ങളിലെ അനധികൃത മണലൂറ്റ് തടയാൻ നടപടികൾ ഉണ്ടാകുമോ; വിവരിക്കുമോ? | ബി) മത്സ്യ സമ്പത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഉൾനാടൻ പൊതു ജലാശയത്തിൽ മത്സ്യവിത്ത് നിക്ഷേപ പദ്ധതി പ്രകാരം കവ്വായി കായലിൽ വിവിധയിനം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിൽ മേൽനോട്ടം നടത്തി വരുന്നു. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മണൽവാരൽ നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2001 ൽ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യങ്ങളെയും മറ്റു ജലജീവികളെയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2010 ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്. അനധികൃത മണലൂറ്റ് തടയാൻ നടപടി സ്വീകരിക്കേണ്ടത് റവന്യു/ ഇറിഗേഷൻ വകുപ്പുകളാണ്. ഇക്കാര്യം ടി വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ആഫീസർ**